## പതിനാലാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 675** **27.04.2017-ൽ മറുപടിയ്ക്ക്**

**പട്ടികഗോത്രവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.രാജു എബ്രഹാം<br>ശ്രീ.ഒ. ആർ. കേളു<br>ശ്രീ.പി.വി. അൻവർ<br>ശ്രീ.കെ. ബാബു | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി) |

| ചോദ്യം | | മറുപടി | |
|---|---|---|---|
| എ) | പട്ടികഗോത്രവർഗ്ഗത്തിൽപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസത്തിനായി എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; | എ) | പട്ടിക ഗോത്രവർഗ്ഗത്തിൽപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസത്തിനായി ആരംഭിച്ച പുതിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>**ഗോത്രബന്ധു പദ്ധതി**<br>വയനാട് ജില്ലയിലെ പ്രൈമറി ക്ലാസുകളുള്ള 241 സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ പിന്നോക്ക ഗോത്രവിഭാഗങ്ങളായ അടിയർ, പണിയർ, ഊരാളി, കാട്ടുനായ്ക്കർ എന്നീ വിഭാഗങ്ങളിൽ നിന്നും 1 മുതൽ 4-ാം ക്ലാസുവരെ പഠിക്കുന്ന കുട്ടികളുടെ വിദ്യാഭ്യാസ ഉന്നമനത്തിനായി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്ത വിദ്യരിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന 241 പേരെ ദിവസ വേതനാടിസ്ഥാനത്തിൽ ഓരോ സ്കൂളിലും മെന്റർ ടീച്ചർ ആയി നിയമിക്കാൻ ഗോത്രബന്ധു പദ്ധതി വഴി ലക്ഷ്യമിടുന്നു.<br>**സാമൂഹ്യപഠന മുറി**<br>പട്ടികവർഗ്ഗ സങ്കേതങ്ങളിൽ ട്യൂഷൻ |

| | | | |
|---|---|---|---|
| | | | സമ്പ്രദായത്തോടെ സാമൂഹ്യ പഠനമുറി ആരംഭിച്ച് വിദ്യാഭ്യാസത്തിനുള്ള സാഹചര്യം പദ്ധതി വഴി ഒരുക്കുന്നു. ഉപദേശകനായോ ട്യൂട്ടറായോ പ്രവർത്തിക്കുന്നതിന് ഒരു യുവ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടയാളെ (ആണോ/പെണ്ണോ) തെരഞ്ഞെടുത്ത് മാസം തോറും 15,000/-രൂപ ഓണറേറിയം വ്യവസ്ഥയിൽ പരിശീലനം നൽകി നിയോഗിക്കുന്നതാണ്. സങ്കേതങ്ങളിലെ നിലവിലുള്ള കമ്മ്യൂണിറ്റി ഹാളിലോ സമാന ഇടങ്ങളിലോ പ്രസ്തുത സെന്റർ പ്രവർത്തിക്കും. കമ്പ്യൂട്ടർ, ഇന്റർനെറ്റ്, ഫർണീച്ചർ, വായനാസാമഗ്രികൾ, പഠിതാക്കൾക്കുള്ള ലഘു ഭക്ഷണം എന്നിവയും ഇത്തരം കേന്ദ്രങ്ങളിൽ സജ്ജീകരിക്കുന്നതാണ്. |
| ബി) | പ്രസ്തുത വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | ബി) | പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നിലവിലുള്ള നിരക്കിന്റെ 25% വർദ്ധിപ്പിക്കുകയും വർദ്ധിപ്പിച്ച നിരക്ക് അതിന്റെ അടുത്ത 10 ലേക്ക് ക്രമപ്പെടുത്തി നൽകുന്നതിനും ഉത്തരവായിട്ടുണ്ട്. |
| സി) | മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ നവീകരണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | സി) | പട്ടികവർഗ്ഗ വികസന വകുപ്പിൻ കീഴിൽ പ്രവർത്തിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുക എന്നതാണ് വകുപ്പിന്റെ ലക്ഷ്യം. ഇതിനായി വിവിധ പദ്ധതികൾ എല്ലാ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും നടപ്പിലാക്കി വരുന്നു. വകുപ്പിന് കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളെ അടിസ്ഥാന സൗകര്യ വികസനം ഉറപ്പ് വരുത്തുന്നതിനായി നിരവധി |

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് താമസിച്ച് മികച്ച വിദ്യാഭ്യാസം നൽകി അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുകയും അതുവഴി ഒരു ഉന്നത ജീവിതം കെട്ടിപ്പടുക്കുന്നതിന് അവരെ പ്രാപ്തരാക്കുവാനും ഇതു വഴി ലക്ഷ്യമിടുന്നു. വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പ്രസ്തുത മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ 18 എണ്ണത്തിൽ സ്മാർട്ട് ക്ലാസ് റൂമുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ പ്രസ്തുത സ്കൂളുകളുടെ ദൈനംദിന പ്രവർത്തനങ്ങൾക്കും അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള കെട്ടിടം, ടോയ്‌ലറ്റുകൾ, ശുദ്ധ ജല വിതരണം, ചുറ്റുമതിൽ, ട്രസ്സ് വർക്ക്, സെക്യൂരിറ്റി റൂം, കുഴൽക്കിണർ എന്നിവയുടെ നിർമ്മാണം/അറ്റകുറ്റപ്പണികൾ, സ്വന്തമായി കെട്ടിടമില്ലാത്ത എം.ആർ.എസുകൾക്ക് താൽക്കാലിക സൗകര്യം ഏർപ്പെടുത്തൽ എന്നിവയ്ക്കും, ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കുട്ടികൾക്കാവശ്യമായ ബഞ്ച്, ഡസ്ക്, പഠനമേശ, കട്ടിൽ, മെത്ത, പഠനോപകരണങ്ങൾ എന്നിവയും, ലൈബ്രറി/റഫറൻസ് പുസ്തകങ്ങൾ, ഹൈസ്കൂൾ/ഹയർ സെക്കണ്ടറി സ്കൂളുകൾക്ക് ആവശ്യമായ സയൻസ്/കമ്പ്യൂട്ടർ ലാബുകൾ, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ, ടെലിവിഷൻ, കുട്ടികൾക്ക് വ്യക്തിത്വ വികസനത്തിനും, തൊഴിൽ പരിശീലനത്തിലെ കായിക പരിശീലനത്തിനായുള്ള വിവിധ പദ്ധതികളും ഇതിനാവശ്യമായ ഉപകരണങ്ങൾ/ |

| | | | |
|---|---|---|---|
| | | | യൂണിഫോം എന്നിവ ഈ പദ്ധതി പ്രകാരം നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ടി സ്കൂളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്റ്റുഡന്റ് പോലീസ് കേഡറ്റ്, എൻ.എസ്.എസ്, എൻ.സി.സി എന്നീ പദ്ധതികളും, സർഗ്ഗോത്സവം എന്ന പേരിൽ സംസ്ഥാനതല കലാമേളയും കളിക്കളം എന്ന പേരിൽ സംസ്ഥാനതല കായിക മേളയും നടത്തുന്നു. വടശ്ശേരിക്കര, ഇടുക്കി, മലമ്പുഴ, തിരുനെല്ലി, കാസറഗോഡ് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന 5 മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ സോളാർ പവർ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കട്ടേല, ഞാറനീലി മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ Node based computer lab സ്ഥാപിച്ചു കഴിഞ്ഞു. മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ വിദ്യാർത്ഥികളുടെ സുരക്ഷാ സംവിധാനം ശക്തിപ്പെടുത്തുന്നതിനായി സി.സി.ടി.വി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ പഠനം നടത്തുന്ന വിദ്യാർത്ഥികളുടെ കായികപരമായ കഴിവുകൾ വികസിപ്പിക്കുന്നതിനായി സിന്തറ്റിക് ഫ്ലോറിംഗോടുകൂടിയ മൾട്ടി പർപ്പസ് കോർട്ടുകൾ കട്ടേല മോഡൽ റസിഡൻഷ്യൽ സ്കൂൾ, കുളത്തുപ്പുഴ മോഡൽ റസിഡൻഷ്യൽ സ്കൂൾ എന്നീ സ്ഥാപനങ്ങളിൽ ലഭ്യമാക്കി നിർമ്മിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |

| | | | |
|---|---|---|---|
| ഡി) | വിദ്യാലയങ്ങളിൽ നിന്നും കൊഴിഞ്ഞുപോയ ആദിവാസി കുട്ടികൾക്കുവേണ്ടി സാക്ഷരതാമിഷന്റെ ആഭിമുഖ്യത്തിൽ തുല്യതാ പരീക്ഷയുടെ പ്രത്യേക സ്കീം ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | ഡി) | ഉണ്ട്. ഇതിനായി സംസ്ഥാന സാക്ഷരതാ മിഷനുമായി ചർച്ച ചെയ്യുകയും തുല്യതാ പരീക്ഷയുടെ ഒരു പ്രത്യേക സ്കീം ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കി സമർപ്പിക്കുവാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ